## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5043

28/10/2016-ൽ മറുപടിയ്ക്ക്

### ഹോർട്ടികോർപ്പ് ലൈസൻസികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ. വി. എസ്. സുനിൽകുമാർ** (കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പ് ലൈസൻസികളും ഫ്രാഞ്ചൈസികളും പഴവും പച്ചക്കറികളും വിലകൂട്ടി വിൽക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം ആക്ഷേപങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) ഹോർട്ടികോർപ്പ് ലൈസൻസികളും ഫ്രാഞ്ചൈസികളും മാനദണ്ഡങ്ങൾ പാലിച്ച് വിപണനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥർ ഹരിതാ സ്റ്റാളുകൾ സന്ദർശിക്കുകയും ലൈസൻസികളെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണോ സ്റ്റാൾ പ്രവർത്തിപ്പിക്കുന്നതെന്ന് പരിശോധിക്കുകയും ചെയ്യുന്നതാണ്. നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ലൈസൻസികൾക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) മാനദണ്ഡങ്ങൾ പാലിക്കാതെ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | സി) മാനദണ്ഡങ്ങൾ പാലിക്കാതെ വിപണനം നടത്തുന്ന ലൈസൻസികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പരിശോധിച്ച് ആവശ്യമെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ